ഹയർ സെക്കണ്ടറി ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ,
തിരുവനന്തപുരം.

നമ്പർ.എസിഡി.ബി.1/21202/എച്ച്എസ്ഇ/2012

തീയതി 20/07/2012

## സർക്കുലർ

വിഷയം: – സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ കെ.പി.എസ്.സി നടത്തുന്ന പരീക്ഷകൾക്ക് പരീക്ഷാകേന്ദ്രങ്ങളായി അനുവദിച്ചത്–സംബന്ധിച്ച്.

സൂചന:– 08/06/12 ലെ സ.ഉ(സാധ) നമ്പർ.2647/2012/പൊ.വി.വ.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത. അൺ എയ്ഡഡ് സ്കൂളുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാകേന്ദ്രങ്ങളായി ആവശ്യപ്പെടുന്ന പക്ഷം അനുവദിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി സ്കൂൾ മാനേജ്മെന്റ്,അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർ എന്നിവർ കമ്മീഷന്റെ പരീക്ഷാ നടത്തിപ്പുമായി പൂർണ്ണമായും സഹകരിക്കേണ്ടതാണ്. കൂടാതെ ഈ ഉത്തരവ് കർശനമായി പാലിക്കപ്പെടുന്നുവെന്ന് എല്ലാ പ്രിൻസിപ്പൽമാരും ബന്ധപ്പെട്ട ആർ.ഡി.ഡി മാരും ഉറപ്പുവരുത്തേണ്ടതാണ്. സർക്കാർ ഉത്തരവിന്റെ കോപ്പി ഇതോടോപ്പം ഉൾക്കൊള്ളിക്കുന്നു.

ജോയിന്റ് ഡയറക്ടർ
ഡയറക്ടർക്കുവേണ്ടി

mj/20

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്ക് പരീക്ഷാ കേന്ദ്രങ്ങളായി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ. (സാധാ) നം. 2647/2012/പൊ.വി.വ.** **തീയതി, തിരുവനന്തപുരം, 8/6/2012**

പരാമർശം: 1) കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാൻ ചീഫ് സെക്രട്ടറിക്കയച്ച അർദ്ധ ഔദ്യോഗിക കത്ത് നം. ഡി.എസ്(ഇ) III/01/2011/ഇ.ഡബ്ല്യു.

2) കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 18/3/2012-ലെ ആർ ആന്റ് എ II (1)12857/10/ ഗ.വി. നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാൻ സൂചന കത്ത് പ്രകാരം കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്ക് സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരീക്ഷാ നടത്തിപ്പുമായി സഹകരിക്കണമെന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളും കേരള പബ്ലിക് സർവീസ് കമ്മീഷൻ പരീക്ഷാ കേന്ദ്രങ്ങളായി ആവശ്യപ്പെടുന്നപക്ഷം അനുവദിക്കേണ്ടതാണെന്ന് ഉത്തരവാകുന്നു. കൂടാതെ ടി സ്കൂളുകളിലെ സ്കൂൾ മാനേജ്മെന്റ്, അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർ എന്നിവർ കമ്മീഷന്റെ പരീക്ഷാ നടത്തിപ്പുമായി പൂർണ്ണമായും സഹകരിക്കേണ്ടതാണ്.

ഈ ഉത്തരവ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരേയും അറിയിക്കുന്നതോടൊപ്പം ആയത് കർശനമായി പാലിക്കപ്പെടുന്നുവെന്നു വകുപ്പ് മേധാവികൾ ഉറപ്പു വരുത്തേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**എം. ശിവശങ്കർ,**
**സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

k